# മലങ്കര ഓർത്തഡോക്സ് സഭയുടെ ഒന്നാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ ഓർമ്മപ്പെരുന്നാളിൽ ഉപയോഗിക്കുന്ന പ്രദക്ഷിണ ഗാനം

ഭാ – രതഭൂവിൽ – ദൈവത്തിൻ സഭയിൽ – ശോഭിതനാം താതാ
പ്രാർത്ഥന നോമ്പുപവാസത്താൽ – ദൈവിക ബന്ധം സ്ഥാപിച്ച
മലങ്കരയുടെ മഹിതാചാര്യ – **പൗലോസ് മാർ ഈവാനിയോസ്**
ഓർക്കണമേ ഞങ്ങളെയെന്നാളും

മാ–ർത്തോമായാൽ – സംസ്ഥാപിതമായ – ഭാരതസഭ തന്നിൽ
മാർത്തോമായുടെ പീഠത്തിൽ – കാതോലിക്കാ പദമേറ്റ
മോറാൻ മാർ ബസേലിയോസ് – **പൗലോസ് പ്രഥമൻ ബാവായെ**
ഓർക്കണമേ ഞങ്ങളെയെന്നാളും

പാ – മ്പാക്കുടയിൽ – തോമാശ്ലീഹാ തൻ – ആലയമതിനുള്ളിൽ
ദൈവത്തിൻ സന്നിധി പൂകി – അടിയാർക്കായിട്ടർത്ഥിക്കും
പുണ്യ പിതാവേ മുനിശ്രേഷ്ഠാ – **പൗലോസ് പ്രഥമൻ ബാവായേ**
ഓർക്കണമേ ഞങ്ങളെയെന്നാളും

രചന: പ്രൊഫ. വിപിൻ കെ. വറുഗീസ്, പാമ്പാടി